LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയോമിത്രം പദ്ധതിക്ക് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു. (2015 മാർച്ച് 31 വരെ)

ക്രമ നമ്പർ	സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	2010-11	ഇല്ല	5,41,853
2	2011-12	,,	1,26,78,430
3	2012-13	4 കോടി	3,30,76,472
4	2013-14	5 ,,	4,82,68,472
5	2014-15	7 ,,	6,69,75,185
	ആകെ	16 ,,	16,15,40,412

2015-16 സാമ്പത്തിക വർഷം വയോമിത്രം പദ്ധതിക്കായി ആകെ 8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2010-11, 2011-12 വർഷങ്ങളിൽ മിഷന്റെ കോർപ്പസ് ഫണ്ടിൽനിന്നാണ് പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) 6-5-2013-ലെ സ.ഉ.(സാധാ)1209/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാപഞ്ചായത്ത്/കോർപ്പറേഷൻ 25 ലക്ഷം, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി 10 ലക്ഷംരൂപ, ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷംരൂപ എന്നീ നിരക്കുകളിൽ കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകണമെന്ന് ഉത്തരവായിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ അംഗൻവാടികൾ

171 (2804) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നു ; കഴിഞ്ഞ നാലുവർഷമായി ഓരോ അംഗൻവാടികളിലും എത്തുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മേഖലയിലെ അംഗൻവാടികളിൽ എത്ര ജീവനക്കാർ ഉണ്ട് ; എത്ര ജീവനക്കാരുടെ ഒഴിവുണ്ട് ; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നിലവിൽ പ്രസ്തുത അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; ഇവയുടെ അളവും ഒരു കുട്ടിക്കായി ചെലവഴിക്കുന്ന തുകയും വിശദമാക്കുമോ ;

(ഡി) കുട്ടികൾക്ക് ഭക്ഷണം നൽകിയ വകയിൽ എത്ര രൂപയാണ് കഴിഞ്ഞ നാലുവർഷങ്ങളിൽ ചെലവഴിച്ചത് ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിൽ 175 അങ്കണ വാടികൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഓരോ അംഗൻവാടിയിലും കഴിഞ്ഞ 4 വർഷമായി എത്തുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) നിലവിൽ അനുവദിച്ച വർക്കർമാരുടെ എണ്ണം 175-ഉം ഹെൽപ്പർമാരുടെ എണ്ണം 172 ഉം ആണ്. അതിൽ വർക്കറുടെ 8 ഉം ഹെൽപ്പറുടെ 22 -ഉം സ്ഥിരം ഒഴിവുകളുണ്ട്. ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

പഞ്ചായത്ത്	വർക്കർ	ഹെൽപ്പർ
അഗളി	2	2
ഷോളയൂർ	1	6
പുതൂർ	5	14
ആകെ	8	22

(സി) നിലവിൽ പ്രസ്തുത അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ ചുവടെ ചേർക്കുന്നു :

മോണിംഗ് സ്നാക്ക്

1. 2 ദിവസം പാൽ 150 മില്ലി ഗ്രാം വീതം
2. 2 ദിവസം മുട്ട 1 വീതം
3. 2 ദിവസവും അമൃതം ലഡു-20 ഗ്രാം.

കടല, അമൃതം പൊടി 20 ഗ്രാം, ശർക്കര 5 ഗ്രാം വീതം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ന്യൺഫീഡിംഗ്</u>

കഞ്ഞി-അരി 60 ഗ്രാം പയർ 20 ഗ്രാം+ഉപ്പേരി

<u>ജനറൽ ഫീഡിംഗ്</u>

2 ദിവസം ഗോതമ്പ് ഉപ്പുമാവ്-നുറുക്ക് ഗോതമ്പ് 60 ഗ്രാം, എണ്ണ 8 മില്ലി, പച്ചക്കറി 10 ഗ്രാം, നിലക്കടല 10 ഗ്രാം, ഇലക്കറി.

2 ദിവസം ഗോതമ്പ് പായസം-ഗോതമ്പ് 50 ഗ്രാം, ശർക്കര 30 ഗ്രാം, നിലക്കടല 15 ഗ്രാം, തേങ്ങ 10 ഗ്രാം.

2 ദിവസം ചെറുപയർ വിളയിച്ചത്-ചെറുപയർ 50 ഗ്രാം, ശർക്കര 20 ഗ്രാം, തേങ്ങ 10 ഗ്രാം, നിലക്കടല 15 ഗ്രാം.

<u>ഒരു കുട്ടിക്കായി ചെലവഴിക്കുന്ന തുക</u>

6 മാസം 3 വയസ്സ് വരെ കുട്ടിക്ക്-7 രൂപ

3 വയസ്സ് 6 വയസ്സ് വരെ-14 രൂപ

ഗർഭിണികൾ-17 രൂപ

പാലൂട്ടുന്ന അമ്മമാർ-17 രൂപ

കൗമാരപ്രായക്കാരായ പെൺകുട്ടികൾ-17 രൂപ

(ഡി) കഴിഞ്ഞ 4 വർഷങ്ങളിൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള മൂന്ന് പഞ്ചായത്തുകൾ ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	അഗളി (രൂപ)	ഷോളയൂർ (രൂപ)	പുത്തൂർ (രൂപ)	ആകെ രൂപ)
2011-12	50,25,059	48,91,419	41,58,874	1,40,75,352
2012-13	37,72,720	33,07,470	33,95,149	1,04,75,339
2013-14	9,11,883	46,93,705	32,82,663	1,70,88,251
2014-15	72,26,049	51,51,924	36,12,300	1,59,90,273
			ആകെ	5,76,29,215